**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **28-02-2023 - ൽ മറുപടിയ്ക്ക്**

**ആറാം മൈൽ-എളംബ്ലാശ്ശേരി- കുറത്തിക്കുടി റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ ആറാം മൈൽ-എളംബ്ലാശ്ശേരി- കുറത്തിക്കുടി റോഡിന്റെ പുനരുദ്ധാരണത്തിനായി ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.10.2021-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ഭാഗങ്ങളിൽ ടൈൽ വിരിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ സംയുക്ത പരിശോധനയ്ക്കുള്ള അനുമതിക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മേൽ വിഷയം സംബന്ധിച്ചുള്ള അപേക്ഷ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭ്യമായിട്ടില്ലാത്തതാണ്. |
| (ബി) | പ്രസ്തുത ഭാഗങ്ങളിൽ ടൈൽ വിരിച്ച് റോഡ് പുനരുദ്ധാരണം നടത്തുന്നതിന് വനം വകുപ്പുമായി സംയുക്ത പരിശോധനയ്ക്ക് വേണ്ടി കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നും മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നല്കിയ 15.10.2022-ലെ കെ. ആർ.എഫ്.ബി./പി.എം.യു./എം.വി.പി.എ.-ഐ.ഡി.കെ./എച്ച്.എച്ച്.-സി.എച്ച്. സി.എച്ച്./2021 നമ്പർ കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ബി) | മേൽ വിഷയം സംബന്ധിച്ചുള്ള അപേക്ഷ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭ്യമായിട്ടില്ലാത്തതാണ്. |
| (സി) | ആദിവാസി മേഖലകളിൽ കൂടി കടന്നുപോകുന്ന പ്രസ്തുത റോഡിന്റെ നവീകരണം എത്രയും വേഗത്തിൽ നടപ്പിലാക്കേണ്ടതിനാൽ വനം വകുപ്പ് സംയുക്ത പരിശോധനക്ക് വേഗത്തിൽ അനുമതി നല്കി പരിശോധന പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇക്കാര്യത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ